"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താവിന്റെ വീട്ടു നിർമ്മിക്കാൻ അനുയോജ്യമല്ലാത്ത സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് അനുയോജ്യമായ സ്ഥലം വാങ്ങി നൽകി വീട് വച്ച് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1082/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:-

1. ചെറുകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/09/2024 ലെ 401034/DPDCO1/GPO/2024/3401(1) നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27/03/2025- ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക (4.20) തീരുമാനം

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതി ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലും അതിദാരിദ്ര്യ കുടുംബത്തിന്റെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവായ ശ്രീമതി ഗീത തട്ടാൻകടയുടെ വീടിന് ശക്തമായ കാറ്റിലും മഴയിലും മണ്ണിടിച്ചിലും വിള്ളൽ സംഭവിക്കുകയും വാസയോഗ്യമല്ലാതാകുകയും ചെയ്തിട്ടുണ്ട്. മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശമായതിനാൽ നിലവിലുള്ള സ്ഥലത്ത് വീട് നിർമ്മിക്കുന്നത് അപകട സാധ്യത കൂടുതലാണെന്നും, ആയതിനാൽ ടിയാളുടെ സാമ്പത്തിക സ്ഥിതിയും, സ്ഥലത്തിന്റെ അപകട സാധ്യതയും കണക്കിലെടുത്ത് ഭൂമിയുള്ള ഭവനരഹിത ലിസ്റ്റിൽ നിന്നും ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുവാൻ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപെടുകയുണ്ടായി.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27/03/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. പരാമർശം -2 യോഗതീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ശ്രീമതി ഗീത തട്ടാൻകട അതിദരിദ്ര കുടുംബത്തിന്റെ

ലിസ്റ്റിൽ ഉൾപ്പെട്ടതായതിനാൽ, വീട്ടു നിർമ്മിക്കാൻ അനുയോജ്യമല്ലാത്ത സ്ഥലം ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് അനുയോജ്യമായ സ്ഥലം വാങ്ങി നൽകി വീട് വച്ച് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചെറുകുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ശ്രീമതി ഗീത, തട്ടാൻകട( ചെറുകുന്ന് ഗ്രാമപഞ്ചായത്ത്, സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 30-04-2025 09:47:30
സെക്ഷൻ ഓഫീസർ